# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.898

28.04.2017-ൽ മറുപടിക്ക്

## രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീ.ജി.സുധാകരൻ** <br> **(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണത്തിനായി ഈ സർക്കാർ സ്വീകരിച്ച് വരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ; | എ) രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണത്തിനായി വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓഫീസുകളുടെ സുഗമമായ നടത്തിപ്പിനാവശ്യമായ ഫർണിച്ചറുകൾ തുടങ്ങിയവയും ലഭ്യമാക്കിയിട്ടുണ്ട്. രേഖകളുടെ സൂക്ഷിപ്പിനായി രജിസ്റ്റർ വാല്യങ്ങൾ ബൈൻഡ് ചെയ്ത് സൂക്ഷിക്കുന്ന നടപടികൾ പൂർത്തീകരിച്ച് വരുന്നു. രജിസ്ട്രേഷൻ വകുപ്പിൽ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. |
| ബി) സംസ്ഥാനത്ത് ഇ-സ്റ്റാമ്പിങ് നിർബന്ധമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | ബി) സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നിർബന്ധമാക്കിയിട്ടില്ല. കേരള ഫിനാൻസ് ബിൽ 2017 (ബിൽ നമ്പർ 48)-ൽ ഇ-സ്റ്റാമ്പിംഗ് സംബന്ധിച്ച വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ കേരള മുദ്രപത്രചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**